# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2238** **8.05.2017-ൽ മറുപടിയ്ക്ക്**

## കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>,, എ.എം. ആരിഫ്<br>,, വി. ജോയി<br>,,വി.കെ. സി. മമ്മത് കോയ: | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് റോഡ് ഗതാഗത രംഗത്തെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കി രൂപീകരിക്കപ്പെട്ട കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രവർത്തനം അവലോകനം ചെയ്യാറുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത ബോർഡ് ഏറ്റെടുത്തിട്ടുള്ള പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്നും അവയിൽ പൂർത്തിയായ പദ്ധതികൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ; | (ബി) കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ കേരള റോഡ് ഫണ്ട് ബോർഡ് പൂർത്തിയാക്കിയ ആദ്യത്തെ പദ്ധതിയാണ് തിരുവനന്തപുരം നഗര റോഡു വികസന പദ്ധതി. 42.537 കി.മീ. നീളത്തിലുള്ള 16 കോറിഡോറുകളുടെ സമഗ്ര വികസനമാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കിയത്. പദ്ധതിയിൽ ഉൾപ്പെടുന്ന റോഡുകളുടെ 15 വർഷത്തേക്കുള്ള അറ്റകുറ്റപണികളും പരിപാലനവും പദ്ധതിയുടെ കരാർ ഏറ്റെടുത്തിട്ടുള്ള കൺസഷണറുടെ ചുമതലയാണ്.<br><br>രണ്ടാമത്തെ പദ്ധതിയായ കോഴിക്കോട് നഗര റോഡു വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 22.251 കി.മീ. ദൈർഘ്യത്തിൽ 6 കോറിഡോറുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

പദ്ധതിയുടെ അടങ്കൽ തുക 176.10 കോടി രൂപയാണ്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ജൂൺ മാസത്തോടുകൂടി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

കേരള റോഡ് ഫണ്ട് ബോർഡിന്റെ ഫണ്ടുപയോഗിച്ച് പൊതുമരാമത്ത് വകുപ്പിലെ വിവിധ ഏജൻസികൾ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

**എറണാകുളം ജില്ല:-**

1) *__വെണ്ടുരുത്തി പാലം:-__* കൊച്ചിൻ നേവൽ ബെയ്സിന്റെ പങ്കാളിത്തത്തോടെ 37.33 കോടി രൂപാ ചെലവിൽ കൊച്ചി കായലിനു കുറുകെ വെണ്ടുരുത്തി പാലം പൊതുമരാമത്ത് റോഡ്സ് വിഭാഗം നിർമ്മിച്ച് 04.02.2012-ൽ ഗതാഗതയോഗ്യമാക്കുകയുണ്ടായി.

2) *__ഇടപ്പള്ളി മേൽപ്പാലം:-__* 300 മീ. നീളത്തിൽ നാലു സ്പാനുകളോടുകൂടിയ മേൽപ്പാലത്തിന് സ്ഥലം ഏറ്റെടുക്കൽ ഉൾപ്പടെ 108.75 കോടി രൂപ ചെലവിൽ കൊച്ചി മെട്രോ റെയിലിന്റെ ആഭിമുഖ്യത്തിൽ 2016 സെപ്തംബറിൽ നിർമ്മാണം പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കി.

3) *__പാലാരിവട്ടം മേൽപ്പാലം:-__* 620 മീ. നീളവും 15 മീ. വീതിയും വരുന്ന നാലുവരിപാതയോടു കൂടിയ പാലാരിവട്ടം ഫ്ളൈ ഓവറിന്റെ നിർമ്മാണം 41.28 കോടി രൂപ നിർമ്മാണ ചെലവിൽ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ പൂർത്തീകരിച്ചു.

**കോട്ടയം ജില്ല:-**

*__1. കഞ്ഞിക്കുഴി വെട്ടത്തുകവല കറുകച്ചാൽ മല്ലപ്പള്ളി റോഡ് ഉപരിതലം ബലപ്പെടുത്തൽ:-__* 22.8 കി.മീ. ദൈർഘ്യമുള്ള റോഡുകളുടെ വികസനമാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. 67.26 കോടി രൂപ മതിപ്പ് ചെലവിൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നിർമ്മാണം

പൂർത്തീകരിച്ചു.

1) *രാമപുരം നാലമ്പലം ദർശനം റോഡ് പുനരുദ്ധാരണം:-* കോട്ടയം ജില്ലയിലെ 46.81 കി.മീ. ദൈർഘ്യമുള്ള 14 റോഡുകളുടെയും 4 അപ്രോച്ച് റോഡുകളുടെയും വികസനം ലക്ഷ്യമിടുന്ന ഈ പദ്ധതിയുടെ നിർമ്മാണം 67 കോടി രൂപ മതിപ്പ് ചെലവിൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നിർമ്മാണം പൂർത്തീകരിച്ചു വരുന്നു.

**കോഴിക്കോട് ജില്ല:-**

1) *എൻ.എച്ച് ബൈപ്പാസ് നിർമ്മാണം:-* കോഴിക്കോട് ബൈപ്പാസിന്റെ വെങ്ങളം മുതൽ പൂലാടിക്കുന്ന് വരെയുള്ള 5.1 കി.മീ. ദൈർഘ്യം വരുന്ന പൂർത്തിയാക്കാത്ത ഭാഗം വികസിപ്പിക്കുവാനാണ് സംസ്ഥാന സർക്കാർ ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. കോരപ്പുഴയിലും, പുറക്കാട്ടേരിയിലും ഒരു പ്രധാന പാലങ്ങൾ ഉൾപ്പടെ 152.75 കോടി രൂപ നിർമ്മാണ ചെലവിൽ പൊതുമരാമത്ത് എൻ.എച്ച് വിഭാഗം പൂർത്തീകരിച്ചു.

2) *രാമനാട്ടുകര മേൽപ്പാലം:-* പൊതുമരാമത്ത് എൻ.എച്ച് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ 74.96 കോടി രൂപ അടങ്കൽ തുകയോടുകൂടി 580 മീ. ദൈർഘ്യമുള്ള അപ്രോച്ച് റോഡോടു കൂടിയ മേൽപ്പാലത്തിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

3) *തൊണ്ടയാട് മേൽപ്പാലം:-* പൊതുമരാമത്ത് എൻ.എച്ച് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ 51.42 കോടി രൂപ അടങ്കൽ തുകയോടുകൂടി 663 മീ. ദൈർഘ്യമുള്ള മേൽപ്പാലത്തിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

**കണ്ണൂർ ജില്ല:-**

*1. മലയോര പാതാ വികസനം:-* 191.54 കോടി രൂപ അടങ്കൽ തുകയുള്ള കണ്ണൂർ ജില്ലയിലെ ചെറുപുഴ

മുതൽ വള്ളിത്തോട് വരെ 59.415 കി.മീ. റോഡ് പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ മേൽനോട്ടത്തിൽ പുരോഗമിച്ചു വരുന്നു.

കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

*ആലപ്പുഴ:-* ആലപ്പുഴ നഗര റോഡു വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 49.522 കി.മീ. ദൈർഘ്യത്തിൽ 21 കോറിഡോറുകളുടെ വികസനമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതിയുടെ അടങ്കൽ തുക 272.66 കോടി രൂപയാണ്. പദ്ധതിക്ക് 2.05.2017ലെ സർക്കാർ ഉത്തരവ്(ആർ.റ്റി)582/17/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

*കണ്ണൂർ:-* കണ്ണൂർ നഗര റോഡു വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 49.79 കി.മീ. ദൈർഘ്യത്തിൽ 12 കോറിഡോറുകളുടെ വികസനമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതിയുടെ അടങ്കൽ തുക 401.467 കോടി രൂപയാണ്. പദ്ധതിക്ക് ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

| | | | |
|---|---|---|---|
| **(സി)** | കെ. ആർ. എഫ്. ബി. യുടെ പദ്ധതികൾക്കാവശ്യമായ ഫണ്ട് എപ്രകാരമാണ് സ്വരൂപിക്കുന്നതെന്ന് വ്യക്തമാക്കാമോ; | **(സി)** | കേരള റോഡ് ഫണ്ട് ആക്ട് പ്രകാരം കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രധാന വരുമാന സ്രോതസ് മോട്ടോർ വാഹന നികുതി ഇനത്തിൽ നിന്നും ലഭിക്കുന്ന 10% വിഹിതമാണ്. |
| **(ഡി)** | സംസ്ഥാനത്തെ റോഡുനിർമ്മാണമടക്കമുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ കിഫ്ബി മുഖേന ഏറ്റെടുത്ത് നടത്തുമ്പോൾ ഇത് കെ. ആർ. എഫ്. ബി യുടെ | **(ഡി)** | കിഫ്ബി മുഖേന സംസ്ഥാനത്തെ റോഡ് നിർമ്മാണമടക്കമുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തുമ്പോൾ കേരള റോഡ് ഫണ്ട് ബോർഡിന്റെ പദ്ധതികളെയോ, പ്രവർത്തനങ്ങളെയോ ബാധിക്കുന്നില്ല. കേരള റോഡ് ഫണ്ട് ആക്ട് പ്രകാരം ലഭ്യമാക്കിക്കൊണ്ടിരിക്കുന്ന മോട്ടോർ വാഹന |

| | |
|---|---|
| പദ്ധതികളെ എപ്രകാരമാണ് ബാധിക്കുന്നതെന്ന് വ്യക്തമാക്കാമോ? | നികുതി ഇനത്തിൽ ലഭ്യമാകുന്ന 10% വിഹിതം ഉപയോഗിച്ച് കെ.ആർ.എഫ്.ബി. തുടർന്നും പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്. കൂടാതെ കെ.ആർ.എഫ്.ബിയെ കിഫ്ബി വഴി നടപ്പിലാക്കുന്ന റോഡ് വികസന പ്രവർത്തനങ്ങളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**